സിറാജ്

01 July 2020

# മത്തിയും അയലയുമില്ല; ഇനി കൊഴുവയുടെ കാലം

- മത്തിയുടെ ലഭ്യത കഴിഞ്ഞ 20 വർഷത്തിനിടയിൽ ഏറ്റവും താഴ്ന്ന നിലയിൽ

സ്വന്തം ലേഖകൻ



കൊച്ചി | കേരള തീരങ്ങളിൽ മലയാളിയുടെ ഇഷ്ടമത്സ്യങ്ങളായ മത്തിയും അയലയും കുറഞ്ഞപ്പോൾ കൊഴുവയുടെയും ക്ലാത്തിയുടെയും ലഭ്യത കൂടി. നത്തോലി, നത്തൽ എന്നീ പേരുകളിലറിയപ്പെടുന്ന കൊഴുവയാണ് ഇത്തവണ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പിടിച്ച മത്സ്യം. വിപണിയിൽ താരതമ്യേന ആവശ്യക്കാരില്ലാത്ത ക്ലാത്തി (ഉടുപ്പൂരി) യുടെ ലഭ്യതയും ഇക്കുറി കൂടിയിട്ടുണ്ട്.

കേരളത്തിൽ മത്തിയുടെ ലഭ്യത കഴിഞ്ഞ 20 വർഷത്തെ ഏറ്റവും താഴ്ന്ന നിലയിലാണെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ വാർഷിക പഠന റിപ്പോർട്ടിൽ പറയുന്നു. കഴിഞ്ഞ വർഷത്തെ സംസ്ഥാനത്തിന്റെ മൊത്ത മത്സ്യ ലഭ്യതയിലും ഗണ്യമായ കുറവാണുണ്ടായത്.

മുൻ വർഷത്തേക്കാൾ 15.4 ശതമാനമാണ് കുറവ്. 44,320 ടൺ മത്തി മാത്രമാണ് കഴിഞ്ഞ വർഷം ലഭിച്ചത്. 2018ൽ ഇത് 77,093 ടൺ ആയിരുന്നു. 2012ൽ 3.9 ലക്ഷം ടൺ സംസ്ഥാനത്ത് നിന്ന് പിടിച്ചിരുന്നു. അതിന് ശേഷമുള്ള ഓരോ വർഷങ്ങളിലും മത്തി കുറഞ്ഞുവന്നെങ്കിലും 2017ൽ ചെറിയ തോതിൽ കൂടി. സമുദ്ര ആവാസവ്യവസ്ഥയിലെ മാറ്റങ്ങൾ മത്തിയുടെ വളർച്ചയെ കാര്യമായി ബാധിക്കുന്നതാണ് ഈ കുറവിന് കാരണം.

അയല മുൻ വർഷത്തേക്കാൾ 50 ശതമാനമാണ് കേരളത്തിൽ കുറഞ്ഞത്. ലഭിച്ചത് 40,554 ടൺ. 2018ൽ കേരളത്തിൽ ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യമായിരുന്നു അയല. സംസ്ഥാനത്ത് മാത്രമല്ല, രാജ്യത്താകെ അയലയുടെ ലഭ്യതയിൽ ഇത്തവണ ഗണ്യമായ കുറവുണ്ടായി.

ഇത്തവണ കൊഴുവയാണ് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പിടിച്ച മത്സ്യം. 74,194 ടൺ കൊഴുവയാണ് ലഭിച്ചത്. രണ്ടാം സ്ഥാനം ക്ലാത്തിക്കാണ്. മത്സ്യത്തീറ്റ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഈ മത്സ്യം തന്നെയാണ് ദേശീയ തലത്തിലും കൂടുതൽ ലഭിച്ചത്.

## മുന്നിൽ തമിഴ്നാട്

കേരളത്തിൽ കുറഞ്ഞെങ്കിലും രാജ്യത്തെ മൊത്തം സമുദ്ര മത്സ്യോത്പാദനത്തിൽ 2.1 ശതമാനത്തിന്റെ നേരിയ വർധനവുണ്ടെന്ന് ഗവേഷകർ അറിയിച്ചു. ഇന്ത്യയിൽ ആകെ ലഭിച്ചത് 35.6 ലക്ഷം ടൺ മത്സ്യമാണ്. കഴിഞ്ഞ ആറ് വർഷമായി തുടർച്ചായി ഒന്നാം സ്ഥാനത്തായിരുന്ന ഗുജറാത്തിനെ മറികടന്നാണ് തമിഴ്നാട് മത്സ്യ ലഭ്യതയിൽ ഒന്നാമതെത്തിയത്.

ഇന്ത്യയിലെ ആകെയുള്ള മത്സ്യലഭ്യതയിൽ 21.7 ശതമാനവും തമിഴ്നാട്ടിൽ നിന്നാണ്. കേരളത്തിൽ നിന്ന് 15.3 ശതമാനവും.

എന്നാൽ രാജ്യത്തെ സമുദ്ര മത്സ്യോത്പാദനത്തിൽ കേരളം മൂന്നാം സ്ഥാനം നിലനിർത്തി. മത്സ്യക്ഷാമമുണ്ടായെങ്കിലും കഴിഞ്ഞ വർഷത്തെ മീൻ വിൽപ്പനയിൽ സംസ്ഥാനത്തിനും നേട്ടമുണ്ട്. കഴിഞ്ഞ വർഷം മീൻപിടിത്ത കേന്ദ്രങ്ങളിലൂടെ വിറ്റത് 12,387 കോടിയുടെ മത്സ്യമാണ്. വിൽപ്പനയിൽ 2.35 ശതമാനത്തിന്റെ വർധനവുണ്ട്.

മീൻ ചില്ലറ വ്യാപാരത്തിലൂടെ 17,515 കോടി രൂപയുടെ മീനും വിറ്റു. മുൻ വർഷത്തെതിൽ നിന്ന് വ്യത്യസ്തമായി 18.97 ശതമാനത്തിന്റേതാണ് വർധനവ്.